# GOVERNMENT OF KERALA

## Abstract

Industries Department - Retrieval of 12.19 Acres of land of KPDL and KRCL from the Official liquidator - In Principle approval for the proposal submitted by Keltron – Sanctioned - Orders issued.

---

## INDUSTRIES (D) DEPARTMENT

G.O.(Ms)No.39/2025/ID Dated,Thiruvananthapuram, 05-05-2025

---

Read 1 Interim Order of Hon'ble High Court dated 16/06/2023 in C.A.Nos.23/2018 & 451/2017 in C.P.No.31/2002 and C.A.No.457/2017 in C.P.No.40/2001

2 Order dated 31/07/2023 in Co.Appl.No.451/2017 in Co.Pet 31/2022 of Hon'ble High Court of Kerala.

3 Letter No.MD/Legal-55/2024-25/278 dated 07/02/2025 from the Managing Director, Keltron

4 Letter No.BPT- KSEDC/I-249/2024-25/D-86 dated 17/02/2025 from the Member Secretary , Board for Public Sector Transformation

## ORDER

Keltron Power Devices Limited ( KPDL) and Keltron Rectifiers Limited (KRCL) are the subsidiary companies of Keltron. Both the companies are under liquidation and 12.19 Acres of land under Survey Numbers 254/6, 256/5 & 250/2 at Killannoor Village in Thrissur Taluk, possessed by KPDL and KRCL , is in the custody of Official Liquidator since December 2005/March 2006 respectively as per the order of Hon'ble High court of Kerala. Keltron had filed two Company Applications Numbers 451/2017 and 457/2017 to retrieve the land of KPDL and KRCLfrom the official liquidator .

2) In view of the interim order of the Hon'ble High Court read as 1st paper above, Keltron had furnished a revival scheme "Project of 100 MW Solar Panel Manufacturing Unit". It was not considered by the Hon'ble High Court and dismissed the Company Applications as per the order read as 2nd paper above and directed Keltron to file application as per Section 391 of Companies Act, 1956.

3)As per the letter read as 3rd paper above, the Managing Director,

Keltron reported that they have received two proposals from Center for Materials for Electronics Technology (C-MET), (a scientific Society under MeitY). These proposals can be placed before the Hon'ble High Court as per Section 391 of Companies Act 1956.

4) The proposals received from C-MET are as follows:

**Proposal 1**: MieTY can purchase 5 acres of land for the expansion activities for C-MET (out of the 12.19 acres of land, belonging to Keltron Power Devices Limited (KPDL)/Keltron Rectifiers Limited (KRCL) at Mulankunnathukavu, Thrissur lying adjacent to C-MET). From the land value, MietY will deduct the liabilities of defunct companies.

**Proposal 2**: C-MET proposes that they are having a plan for Common Facility Centre for sensor manufacturing and sensor calibration and testing as well as Electronic component/devices development etc. Government of Kerala/Keltron can provide land and building for these common facility centres and Keltron can also associate with programme. So, for this CMET request the balance of 7 acres of the land and building belonging to KPDL/KRCL.

5) The Managing Director, Keltron has recommended the above two proposals on the following grounds:

- Expansion of C-MET with 5 Acres land acquisition towards setting up Industrial Level Research in Niche Technologies and its transfer can develop a strong ecosystem of manufacturing in Kerala in the field of high end technology solutions.
- The Second proposal of Manufacturing Hub/incubation Centre for Sensors/Sensor integrated chips as well as development of electronic components and devices can give a big boost to Sensor technologies and components capabilities in Kerala. Keltron proposes a Joint Venture between CMET and Keltron in this area

6) As per the letter read as 4th paper above, Member Secretary, Board for Public Sector Transformation has also suggested to consider the above proposal for in Principle approval.

7) On further examination of the proposal, it is observed that through the implementation of this proposal, Keltron can retrieve the land from the Official Liquidator and moreover , it will be financially more beneficial for the development of Keltron. The merit of the proposal is that the development of C-MET in the proposed land will help in the overall Industrial Development

and which in turn increases the job opportunities of the state.

8) In the above circumstances, Government are pleased to accord In Principle approval for the following proposals, to retrieve the 12.19 Acres of land, under Survey Numbers 254/6, 256/5 & 250/2 at Killannoor Village in Thrissur Taluk, of KPDL & KRCL (defunct subsidiary companies of Keltron) from the official liquidator.

a. To sell 5 Acre of land out of 12.19 Acre occupied by KPDL and KRCL to C-MET for its development, realising land cost after getting approval as per rules, for the settlement of outstanding loan and interest amounting to Rs.6.64 Crore pending with MeitY.

b. To start a JV scheme in the remaining land of 7.19 Acre, by C-MET and Keltron, for a Common Facility Centre for sensor manufacturing and sensor calibration and testing as well for the production of Electronic Component/ devices.

(By order of the Governor)
A P M MOHAMMED HANISH
PRINCIPAL SECRETARY

To:

The Secretary, Ministry of Electronics & Information Technology , Government of India (with covering letter).

The Chairman / Managing Director, Keltron, Vellayamabalm, Thiruvananthapuram.

The Board of Directors, Keltron (Through the Managing Director)

The Executive Chairman / Member Secretary, Board for Public Sector Transformation, Thiruvananthapuram

General Administration (SC) Department (vide Item number………….........dated…………..........)

Revenue Department (vide UO(F)No.L3/49/2025/RD dated 22/04/2025)

Web & New Media, Information and Public Relations Department

Stock File/Office Copy

Forwarded /By order
Signed by
Divya Y V
Date: 06-05-2025 14:48:05
Section Officer

97

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-04-2025

ഫയൽ നം. വ്യവ-ഡി3/15/2023/വ്യവ.(പാർട്ട്.1). ഇനം നം: 2881

വിഷയം : വ്യവസായ വകുപ്പ് - കെ.പി.ഡി.എൽ.-ന്റെയും, കെ.ആർ.സി.എൽ.-ന്റെയും 12.19 ഏക്കർ ഭൂമി ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈയ്യിൽ നിന്നും തിരികെ ലഭ്യമാക്കുന്നത് - കെൽട്രോൺ നൽകിയ നിർദ്ദേശത്തിന് തത്വത്തിൽ അംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

24/4/25

81 2881

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | വ്യവ- ഡി3/15/2023/വ്യവ. പാർട്ട് 1 |
| 2 | വകുപ്പ് | : | വ്യവസായ (ഡി) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - കെപിഡിഎല്ലിന്റേയും കെആർസിഎല്ലിന്റേയും 12.19 ഏക്കർ ഭൂമി ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈയ്യിൽ നിന്നും തിരികെ ലഭ്യമാക്കുന്നത് - കെൽട്രോൺ നൽകിയ നിർദ്ദേശത്തിന് തത്വത്തിൽ അംഗീകാരം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14/03/2025 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്, റവന്യൂ വകുപ്പ് |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. എം.എ. റജീനാബീഗം. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/04/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 22/04/2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ്. |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22/04/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22/04/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇപ്പോൾ ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈവശമുള്ള കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ് (കെ.പി.ഡി.എൽ), കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ് (കെ.ആർ.സി.എൽ) എന്നിവയുടെ കൈവശമുണ്ടായിരുന്ന 5 ഏക്കർ ഭൂമി സി-മെറ്റിന്റെ വികസനത്തിനായി വിൽക്കുന്നതിനും, ബാക്കി 7.19 ഏക്കർ ഭൂമിയിൽ കെൽട്രോണും, സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജിയുമായി (സി-മെറ്റ്) ചേർന്ന് ഒരു സംയുക്ത സംരംഭം ആരംഭിക്കുന്നതിനുമായി കെൽട്രോൺ സമർപ്പിച്ച നിർദ്ദേശത്തിന് തത്വത്തിൽ അംഗീകാരം നൽകുവാനുള്ള നിർദ്ദേശവുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) അടച്ചുപൂട്ടിയ കെ.പി.ഡി.എൽ-ന്റെയും കെ.ആർ.സി.എൽ-ന്റെയും പേരിൽ തൃശ്ശൂർ താലൂക്കിലെ കിള്ളന്നൂർ വില്ലേജിൽ 254/6, 256/5, 250/2 എന്നീ സർവ്വേ നമ്പറുകളിലുള്ള 12.19 ഏക്കർ ഭൂമി ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ യഥാക്രമം ഡിസംബർ 2005, മാർച്ച് 2006 മുതൽ ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈവശമാണ്. ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈവശത്തു നിന്നും പ്രസ്തുത ഭൂമി തിരിച്ചുകിട്ടുന്നതിന് വേണ്ടി കെൽട്രോൺ 451/2017, 457/2017 എന്നീ രണ്ട് അപേക്ഷകൾ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നു. ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഭൂമിയിൽ 100 മെഗാ വാട്ട് സോളാർ പാനൽ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ 31.07.2023 ലെ വിധി പ്രകാരം ബഹു. ഹൈക്കോടതി പ്രസ്തുത അപേക്ഷകൾ തള്ളുകയും കമ്പനികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സ്കീം കമ്പനീസ് ആക്ട് 1956, സെക്ഷൻ 391 പ്രകാരം സമർപ്പിക്കണമെന്നും ഉത്തരവിട്ടിരുന്നു.

3) അതിനു ശേഷം 04.01.2024-ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം നടത്തുകയും, പുനരുദ്ധാരണ

പാക്കേജ് എന്ന നിലയിൽ, സോളാർ പ്രോജക്ടല്ലാതെ മറ്റേതെങ്കിലും സ്കീം തയ്യാറാക്കി ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ അനുമതിയോടെ സമർപ്പിക്കുവാൻ കെൽട്രോണിന് നിർദ്ദേശം നൽകുകയും ചെയ്തു.

4) കെൽട്രോൺ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം അടച്ചുപൂട്ടിയ കമ്പനികൾക്കുള്ള ബാധ്യതകൾ ചുവടെ ചേർക്കുന്നു.

- ➔ കെൽട്രോൺ കെ.പി.ഡി.എൽ-നും കെ.ആർ.സി.എൽ-നും നൽകിയ വായ്പ / മുടക്ക് മുതൽ – 36.59 കോടി രൂപ
- ➔ കേന്ദ്ര ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം നൽകിയ വായ്പ - 95 ലക്ഷം രൂപ (കെ.പി.ഡി.എല്ലിന് 60 ലക്ഷം രൂപയും കെ.ആർ.സി.എല്ലിന് 35 ലക്ഷം രൂപയും)
- ➔ 31/12/2024 വരെയുള്ള കണക്ക് പ്രകാരം, കേന്ദ്ര ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം നൽകിയ വായ്പയിന്മേലുള്ള പലിശ – 664.33 ലക്ഷം രൂപ (കെ.പി.ഡി.എല്ലിന് 479.60 ലക്ഷം രൂപയും കെ.ആർ.സി.എല്ലിന് 244.73 ലക്ഷം രൂപയും)
- ➔ വൈദ്യുതി ചാർജ്ജ് കുടിശ്ശിക – 1.73 കോടി രൂപ

ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശത്തു നിന്നും അടച്ചുപൂട്ടിയ കമ്പനികളുടെ ഭൂമി തിരിച്ചെടുക്കുന്നതിന് മേൽപ്പറഞ്ഞ ബാധ്യതകൾ തീർക്കേണ്ടതുണ്ട്.

5) ഇതിനിടെ കെ.പി.ഡി.എൽ, കെ.ആർ.സി.എൽ എന്നീ കമ്പനികൾ എടുത്തിട്ടുള്ള വായ്പയിന്മേലുള്ള പലിശ എഴുതിത്തള്ളുന്ന കാര്യത്തിൽ കെൽട്രോൺ കേന്ദ്ര ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവുമായി കത്തിടപാടുകൾ നടത്തുകയുണ്ടായി. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. വ്യവസായ വകുപ്പ് മന്ത്രി കേന്ദ്ര ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ സെക്രട്ടറിയുമായും, കെൽട്രോൺ അധികൃതരുമായും 31.01.2025-ന് ഒരു യോഗം നടത്തിയിരുന്നു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ കമ്പനികളുടെ സമീപത്തായി , ആധുനിക ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ വികസനം, ഗവേഷണം , അതിസൂക്ഷ്മ ആധുനിക ഇലക്ട്രോണിക്സ്

ഉപകരണങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി (സി-മെറ്റ്), താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കെൽട്രോണിന് നൽകിയിട്ടുണ്ട്.

- നിർദ്ദേശം 1 – സി-മെറ്റിന്റെ പ്രവർത്തന വിപുലീകരണത്തിനാവശ്യമായ 5 ഏക്കർ ഭൂമി (മുളങ്കുന്നത്തുകാവിൽ സി-മെറ്റിന് സമീപമുള്ള കെ.പി.ഡി.എൽ-ന്റെയും കെ.ആർ.സി.എൽ-ന്റെയും കൈവശമുണ്ടായിരുന്ന 12.19 ഏക്കർ ഭൂമിയിൽ നിന്നും) കേന്ദ്ര ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം, സി-മെറ്റിന് വേണ്ടി വാങ്ങുന്നതാണ്. അടച്ചുപൂട്ടിയ കമ്പനികളുടെ ബാധ്യത ഇനത്തിൽ കേന്ദ്ര ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് ലഭിക്കേണ്ട 6.64 കോടി രൂപ ഇതിൽ കുറവു വരുത്തുന്നതാണ്.
- നിർദ്ദേശം 2 – സെൻസർ ഉല്പാദനം, കാലിബ്രേഷൻ, ടെസ്റ്റിംഗ് , ഇലക്ട്രോണിക് കംപോണന്റ്സ് / ഉപകരണങ്ങളുടെ വികസനം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുവാൻ സി-മെറ്റ് ആലോചിക്കുന്നുണ്ട്. കേരള സർക്കാരോ, കെൽട്രോണോ ഭൂമി / കെട്ടിടം നൽകുകയാണെങ്കിൽ കോമൺ ഫെസിലിറ്റി സെന്റർ തുടങ്ങാനും കെൽട്രോണിന് ഇതിൽ സഹകരിക്കുവാനും സാധിക്കുന്നതാണ്. ഇതിന് വേണ്ടി കെ.പി.ഡി.എൽ / കെ.ആർ.സി.എൽ ന്റെ കൈവശമുണ്ടായിരുന്ന ഭൂമിയുടെ ബാക്കി 7 ഏക്കറും കെട്ടിടവും സി-മെറ്റ് ആവശ്യപ്പെടുന്നു.

6) മേൽപ്പറഞ്ഞ 2 നിർദ്ദേശങ്ങളും കെൽട്രോൺ അവരുടെ തലത്തിൽ പരിശോധിക്കുകയും താഴെപ്പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാണിച്ച് അവ നടപ്പാക്കുന്നതിന് ശക്തമായി ശിപാർശ ചെയ്യുകയുമുണ്ടായി.

- നിഷ് ടെക്നോളജി പ്രയോജനപ്പെടുത്തി വ്യാവസായികതല ഗവേഷണം നടത്തുവാനും ഉന്നതനിലവാരത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്ന ഉല്പാദനരംഗം കേരളത്തിൽ സംജാതമാക്കുവാനും 5

ഏക്കർ ഭൂമി സി-മെറ്റിന് നൽകി അതിന്റെ വികസനം പൂർത്തീകരിക്കുന്നതിലൂടെ സാധ്യമാകുന്നതാണ്.

- രണ്ടാമത്തെ നിർദ്ദേശത്തിൽ മാനുഫാക്ചറിംഗ് ഹബ് / ഇൻകുബേഷൻ സെന്റർ എന്നിവയ്ക്കുവേണ്ടിയുള്ള സെൻസറും, സെൻസർ ഇന്റഗ്രേറ്റഡ് ചിപ്പും നിർമ്മിക്കുന്നതിലൂടെയും ഇലക്ട്രോണിക് കംപോണന്റുകൾ / ഉപകരണങ്ങൾ എന്നിവയുടെ ഉല്പാദനത്തിലൂടെയും കേരളത്തിന്റെ സെൻസർ ടെക്നോളജിയും കംപോണന്റ് രംഗത്തെ കഴിവുകൾക്കും ഒരു ഉത്തേജനം ലഭിക്കുന്നതാണ്. ഇക്കാര്യത്തിൽ സി-മെറ്റുമായി ചേർന്ന് ഒരു ജോയിന്റ് വെഞ്ചറാണ് കെൽട്രോൺ ഉദ്ദേശിക്കുന്നത്.

7) മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് തത്വത്തിൽ അനുമതി നൽകാവുന്നതാണെന്നും ലാൻഡ് അക്വിസിഷൻ ആക്റ്റ് 1961 പ്രകാരം ലഭിച്ച ഭൂമിയായതിനാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള അംഗീകാരം നേടിയ ശേഷം കെ.പി.ഡി.എൽ-ന്റെയും കെ.ആർ.സി.എൽ-ന്റെയും കൈവശമുണ്ടായിരുന്ന ഭൂമി സി-മെറ്റിന് വിൽക്കുകയോ / കൈമാറ്റം ചെയ്യുവാനോ അനുമതി നൽകാവുന്നതാണെന്നും ബി.പി.റ്റി ശിപാർശ ചെയ്തിട്ടുണ്ട്.

8) അതിനുശേഷം മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിന്മേലുള്ള തുടർ ഉത്തരവിനായി ഫയൽ ബഹു. വ്യവസായ വകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും താഴെപ്പറയുന്ന കാര്യങ്ങൾക്ക് തത്വത്തിൽ അനുമതി നൽകുവാൻ അഭിപ്രായപ്പെടുകയുമുണ്ടായി.

i. ഇപ്പോൾ ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈവശമുള്ളതും, കെ.പി.ഡി.എൽ-ന്റെയും കെ.ആർ.സി.എൽ-ന്റെയും കൈവശമുണ്ടായിരുന്നതുമായ 12.19 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി സി-മെറ്റിന് സ്ഥല വില ഈടാക്കി കേന്ദ്ര ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ വായ്പാ ബാധ്യത കുറവ് ചെയ്ത ശേഷം വിൽക്കാവുന്നതാണ്.

ii. ബാക്കിയുള്ള 7.19 ഏക്കറിൽ സി-മെറ്റും കെൽട്രോണുമായി ചേർന്ന് ഒരു സംയുക്ത സംരംഭ പദ്ധതി നടപ്പിലാക്കുന്നതാണ്.

9) ഈ വിഷയം 26/03/2025 ന് ചേർന്ന മന്ത്രിസഭായോഗം ഇനം നമ്പർ 2810 ആയി പരിഗണിയ്ക്കുകയും റവന്യൂ വകുപ്പിന്റെ അഭിപ്രായം സഹിതം പുതുക്കിയ കുറിപ്പ് സമർപ്പിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ഇക്കാര്യത്തിലുള്ള റവന്യൂ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

"തൃശ്ശൂർ താലൂക്കിലെ കിള്ളന്നൂർ വില്ലേജിലെ 254/6, 256/5, 250/2 സർവ്വേ നമ്പറുകളിൽപ്പെട്ട യഥാക്രമം 1.6072 ഹെക്ടർ, 1.4368 ഹെക്ടർ, 1.8228 ഹെക്ടർ ഭൂമി വില്ലേജ് 'എ' രജിസ്റ്റർ പ്രകാരം പുരയിടമായി രേഖപ്പെടുത്തിയിട്ടുള്ളതും കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ് എന്ന പേരിലുള്ളതാണെന്നും കാണുന്നു. എന്നാൽ കമ്പനി കരം അടച്ച് വരുന്നതായി വില്ലേജ് രേഖകൾ പ്രകാരം കാണുന്നില്ല. കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കിള്ളന്നൂർ വില്ലേജിലെ വസ്തുവകകൾ ബഹു.ഹൈക്കോടതി ഒഫീഷ്യൽ ലിക്വിഡേറ്റർ ജപ്തി ചെയ്ത് റിസിവറുടെ മേൽനോട്ടത്തിലാണ്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ അന്വേഷണത്തിൽ അറിവായിട്ടില്ലാത്തതാണ്. കെൽട്രോണും സീമെറ്റും ചേർന്ന് സംയുക്ത സംരഭം ആരംഭിയ്ക്കുന്നതിന് ടി ഭൂമി അനുയോജ്യമാണ് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. അപേക്ഷാ ഭൂമിയുടെ സമാന സ്വഭാവമുള്ള സർവ്വേ 267 നമ്പറിൽപ്പെട്ടതും Residential Plot with NH/PWD road access എന്ന ഗണത്തിൽപ്പെടുന്നതുമായ ഭൂമിയ്ക്ക് ആർ ഒന്നിന് 5,28,000/- രൂപ ന്യായവില കണക്കാക്കിയിട്ടുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്/അതിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഭൂമി നൽകുമ്പോൾ വിലനിർണ്ണയം നടത്തുന്നത് അതാത് കേസിലെ മെറിറ്റ് അനുസരിച്ചും പരസ്പര ധാരണയുടെ അടിസ്ഥാനത്തിലും ആണ്. ആയതിനാൽ ഈ കേസിലും മന്ത്രിസഭായോഗത്തിന്റെ അനുമതിയോടു കൂടി വ്യവസായ വകുപ്പിന് തന്നെ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന വിവരം ടി വകുപ്പിനെ അറിയിയ്ക്കുന്നു.

ഇതിന് ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

10) കേന്ദ്ര സർക്കാരിന്/അതിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഭൂമി നൽകുമ്പോൾ വിലനിർണ്ണയം നടത്തുന്നത് അതാതു കേസിലെ മെറിറ്റ് അനുസരിച്ചും പരസ്പര ധാരണയുടെ അടിസ്ഥാനത്തിലും ആണെന്നാണ് റവന്യൂ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്ത ന്യായവില അനുസരിച്ച് 5 ഏക്കർ ഭൂമി സിമെറ്റിന് നൽകുകയാണെങ്കിൽ ആകെ ഭൂമിയുടെ വില 10,68,82,591/- രൂപയാണ്.

11) കെ.പി.ഡി.എല്ലിന്റെയും കെ.ആർ.സി.എല്ലിന്റെയും പേരിലുണ്ടായിരുന്ന നിർദ്ദിഷ്ട ഭൂമിയിൽ ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈവശത്തു നിന്നും തിരികെ കിട്ടുന്നതിന് കമ്പനികളുടെ പേരിലുള്ള ബാധ്യത ഒഴിവാക്കേണ്ടതുണ്ട്. 5 ഏക്കർ ഭൂമി സിമെറ്റിന് നൽകുകയാണെങ്കിൽ അതുമുഖേന ലഭിക്കുന്ന തുകയുടെ ഒരു ഭാഗം ഉപയോഗിച്ച് കമ്പനികളുടെ ബാധ്യത ഒഴിവാക്കുവാനും ബാക്കി തുക കെൽട്രോണിന്റെ വികസനത്തിനായി ഉപയോഗിക്കാൻ കഴിയുന്നതാണ്. കൂടാതെ സിമെറ്റിന്റെ വികസനവും കെൽട്രോണും സിമെറ്റും ചേർന്നുള്ള സംയുക്ത സംരംഭവും സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനും തദ്വാരാ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സഹായകരമാകുന്നതാണ്.

**തീരുമാനിക്കേണ്ട കാര്യം**

കെ.പി.ഡി.എൽ-ന്റെയും കെ.ആർ.സി.എൽ-ന്റെയും (കെൽട്രോണിന്റെ അടച്ചു പൂട്ടിയ സബ്സിഡിയറി കമ്പനികൾ) തൃശ്ശൂർ താലൂക്കിലെ കിള്ളന്നൂർ വില്ലേജിൽ 254/6, 256/5, 250/2 എന്നീ സർവ്വേ നമ്പറുകളിലുള്ള 12.19 ഏക്കർ ഭൂമി ഒഫിഷ്യൽ ലിക്വിഡേറ്ററിൽ നിന്ന് വീണ്ടെടുക്കുവാൻ താഴെപ്പറയുന്ന കാര്യങ്ങൾക്ക് തത്വത്തിൽ അനുമതി നൽകാമോ ?

(1) കെ.പി.ഡി.എൽ-നും കെ.ആർ.സി.എൽ-നും കേന്ദ്ര ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽ കുടിശ്ശികയായുള്ള വായ്പയും

95

അതിന്റെ പലിശയും ചേർത്ത് 6.64 കോടി രൂപ തീർപ്പാക്കുന്നതിന് ടി കമ്പനികളുടെ കൈവശമുണ്ടായിരുന്ന 12.19 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി, സ്ഥല വില ഈടാക്കി, നിയമാനുസൃത അനുമതികളോടെ സി-മെറ്റിന് അതിന്റെ വികസനത്തിന് വേണ്ടി നൽകാവുന്നതാണ്.

(2) ബാക്കിയുള്ള 7.19 ഏക്കറിൽ സെൻസർ ഉല്പാദനം, കാലിബ്രേഷൻ, ടെസ്റ്റിംഗ് എന്നിവയ്ക്കും ഇലക്ട്രോണിക് കംപോണന്റ്സ്/ഉപകരണങ്ങളുടെ ഉല്പാദനത്തിനുമായി കെൽട്രോണും സി-മെറ്റും ചേർന്ന് സംയുക്ത സംരംഭം എന്ന നിലയിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാവുന്നതാണ്.